ടൈപ്പ് ചെയ്ത-ന്നഗരി?

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)
## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
## (നിലവിൽ: എൻ.പ്രശാന്ത് ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഐ.ടി.ഐ ധനുവച്ചപുരം- ശ്രീ.പത്മകുമാർ, സീനിയർ ഇൻസ്ട്രക്ടറെ സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ധനുവച്ചപുരം ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 4/11/13 ലെ എ1/305713 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ:വിസി/32948/13 തീയതി:08/11/2013.**

ധനുവച്ചപൂരം ഐ.ടി.ഐയിൽ 30/10/13 ൽ നടന്ന ജീവനക്കാരുടെ സംഘട്ടനത്തെ കുറിച്ച് അന്വേഷിച്ച് പ്രിൻസിപ്പാൾ റിപ്പോർട്ട് നൽകാൻ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മറ്റു ജീവനക്കാരുടെ മൊഴിയുടെ അടിസ്ഥാനത്തിലും ശ്രീ.പത്മകുമാർ, സീനിയർ ഇൻസ്ട്രക്ടർ അതേ സ്ഥാപനത്തിലെ തന്നെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ.ബാൽരാജിനെ ശാരീരികമായി ഉപദ്രവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ട്രെയിനികൾക്ക് മാതൃകയായി തീരേണ്ട ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള ഇത്തരം പ്രവൃത്തികൾ കുറ്റകരവും അച്ചടക്ക ലംഘനവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തിച്ച ശ്രീ.പത്മകുമാർ, സീനിയർ ഇൻസ്ട്രക്ടറെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിലെ ചട്ടം 10(1) എ, പ്രകാരം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം അന്വേഷണ വിധേയമായി സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് കേരള സിവിൽ സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 55 നോട്ട് 3 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

// അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ

പത്മകുമാർ,
സീനിയർ ഇൻസ്ട്രക്ടർ
ഐ.ടി.ഐ ധനുവച്ചപുരം
പകർപ്പ്:- പ്രിൻസിപ്പാൾ,
ഐ.ടി.ഐ ധനുവച്ചപുരം